കീഴാറ്റൂർ തോട്ടിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ

കുറ്റിക്കോലിൽ ബസും ലോറിയും കൂട്ടിയിടിച്ച് മൂന്നുപേർക്ക് പരിക്ക്

തളിപ്പറമ്പ: ദേശീയപാതയിൽ കുറ്റിക്കോലിൽ ഇന്നലെയുണ്ടായ വാഹനാപകടത്തിൽ മിനി ലോറി ഡ്രൈവർക്കും കെ.എസ്.ആർ.ടി.സി ബസ് യാത്രക്കാർക്കും പരിക്കേറ്റു. ലോറി ഡ്രൈവർ പാലക്കാട് എലപ്പുള്ളിയിലെ അനന്തകൃഷ്ണനെ (51) തോളിനും തലക്കുമേറ്റ പരിക്കുകളോടെ ലൂർദ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ ഉച്ചയോടെയായിരുന്നു അപകടം. പാലക്കാട് നിന്ന് കല്ലുവെട്ട് യന്ത്രങ്ങളുമായി കർണ്ണാടകയിലേക്ക് പോകുന്ന അനന്തകൃഷ്ണന്റെ കെ.എൽ. 09 എസ് 4567 ഐച്ചർ ലോറിയുടെ പിന്നിൽ കെ.എസ്.ആർ.ടി.സി ബസിടിക്കുകയായിരുന്നു. എതിർവശത്ത് നിന്ന് അമിതവേഗതയിൽ മറ്റൊരു വാഹനം വരുന്നത് കണ്ട് പെട്ടെന്ന് ബ്രേക്ക് ചവിട്ടിയപ്പോൾ ലോറിയുടെ പിന്നിൽ കെ.എസ്.ആർ.ടി.സി ബസ് ഇടിക്കുകയായിരുന്നു. നിസാര പരിക്കേറ്റ രണ്ട് യാത്രക്കാരും ചികിത്സ തേടി.

കഞ്ചാവ് സഹിതം യുവാവ് അറസ്റ്റിൽ

ആലക്കോട്: വിൽപ്പനയ്ക്കായി സൂക്ഷിച്ച നൂറ് ഗ്രാം കഞ്ചാവ് സഹിതം നരിയൻപാറയിലെ വിരാലിവിള ഡെന്നീസിനെ (28) ആലക്കോട് എക്സൈസ് ഇൻസ്പെക്ടർ കെ.വി.വാസുദേവനും സംഘവും അറസ്റ്റ് ചെയ്തു.

മയ്യിൽ ക്ഷേത്രക്കവർച്ച; പണവും ആഭരണങ്ങളും കവർന്നു

മയ്യിൽ: കരിങ്കൽക്കുഴി ഉഴലൂർ മഹാവിഷ്ണുക്ഷേത്രത്തിൽ കവർച്ച. ശ്രീകോവിലിന്റെ പൂട്ട് തകർത്ത് അകത്ത് കയറിയ മോഷ്ടാക്കൾ വിഗ്രഹത്തിൽ ചാർത്തിയ സ്വർണ്ണാഭരണവും ഭണ്ഡാരത്തിലെ പണവും കവർന്നു. ഒരുപവനോളം വരുന്ന ആഭരണവും 5000 രൂപയുമാണ് മോഷണം പോയത്. ഇന്ന് രാവിലെ പൂജാരി എത്തിയപ്പോഴാണ് കവർച്ച നടന്ന വിവരം അറിഞ്ഞത്. മയ്യിൽ എസ്.ഐ എൻ.പി. രാഘവന്റെ നേതൃത്വത്തിൽ പോലീസും വിരലടയാള വിദഗ്ധരും സ്ഥലത്തെത്തി.

പ്രഷർകുക്കർ കൊണ്ട് ഭാര്യയുടെ തലക്കടിച്ചു; ഭർത്താവിനെതിരെ കേസ്

ആലക്കോട്: കുടുംബവഴക്കിനെത്തുടർന്ന് ഭാര്യയെ പ്രഷർകുക്കർ കൊണ്ട് തലക്കടിച്ച് പരിക്കേൽപ്പിച്ചതിന് ഭർത്താവിനെതിരെ കോടതി നിർദേശ പ്രകാരം പോലീസ് കേസെടുത്തു. നെല്ലിക്കുറ്റി മരുതുംകുഴിയിലെ ടിൻസിയുടെ (29) പരാതിയിൽ ഭർത്താവ് വായാട്ടുപറമ്പിലെ സി.രാജേഷിനെതിരെയാണ് കേസ്. കഴിഞ്ഞ 7ന് രാത്രി ഭർതൃവീട്ടിൽ വെച്ചാണത്രെ സംഭവം. ഭർത്താവിന്റെ ദുർനടപ്പ് ചോദ്യം ചെയ്തതിന് തന്നെ ആക്രമിക്കുകയായിരുന്നുവെന്നാണ് ടിൻസിയുടെ പരാതി.

പഞ്ചായത്ത് വായനശാലയിലെ സെറ്റോബോക്സ് മോഷണം പോയി

ആലക്കോട്: മണക്കടവ് ടൗണിലുള്ള ഉദയഗിരി പഞ്ചായത്ത് വായനശാലയിൽ സ്ഥാപിച്ച ടി.വിയുടെ കേബിൾ കണക്ഷനായ സെറ്റ് ടോപ്പ് ബോക്സ് മോഷണം പോയി. കഴിഞ്ഞ ദിവസം പകലാണ് സംഭവം. പൊതുജനങ്ങൾക്ക് കാണുന്നതിനായി സ്ഥാപിച്ചതാണ് ടെലിവിഷൻ. 2000ലധികം രൂപ വിലമതിക്കുന്ന കേബിൾ എസ്.ടി.വിയാണ് കണക്ഷൻ വേർപ്പെടുത്തി മോഷ്ടിച്ചത്. ടി.വി. പ്രവർത്തിക്കാതെ വന്നതിനെ തുടർന്ന് ആളുകൾ അന്വേഷിക്കുമ്പോഴാണ് ബോക്സ് മോഷണം പോയ വിവരമറിയുന്നത്. വായനശാലയിലെ വിലപിടിപ്പുള്ള ബൾബുകൾ മോഷ്ടിക്കുന്ന സാമൂഹ്യവിരുദ്ധ സംഘങ്ങളും ഇവിടെ വിലസുന്നതായും പരാതിയുണ്ട്. വായനശാല - പഞ്ചായത്ത് അധികൃതർ പോലീസിൽ പരാതി നൽകി.

കംഫർട്ട് സ്റ്റേഷൻ ജീവനക്കാരൻ തൂങ്ങിമരിച്ചു

കണ്ണൂർ: കംഫർട്ട് സ്റ്റേഷൻ ജീവനക്കാരൻ തൂങ്ങിമരിച്ച നിലയിൽ. ചാല തെന്നടയിലെ ആലക്കാട് വീട്ടിൽ സുരേഷ് (55) ആണ് തൂങ്ങിമരിച്ചത്. കണ്ണൂർ സ്റ്റേഡിയത്തിന് സമീപത്തെ കംഫർട്ട് സ്റ്റേഷനിലെ ജീവനക്കാരനാണ്. പുതുതായി വാങ്ങിയ മുണ്ട് കംഫർട്ട് സ്റ്റേഷന്റെ ഹുക്കിൽ കെട്ടിയാണ് തൂങ്ങിമരിച്ചത്. വീടുമായി അകന്ന് കഴിയുന്ന ഇയാൾ അവിവാഹിതനാണ്.

സ്ഥലം
ആവശ്യമുണ്ട്
കാക്കാത്തോട് ബസ്സ്റ്റാന്റ് –
ഹൈവേ പ്ലാസ റോഡരികിൽ വ്യാപാര സമുച്ചയം
പണിയാൻ അനുയോജ്യമായ
10 സെന്റ് സ്ഥലം ആവശ്യമുണ്ട്
ബന്ധപ്പെടുക:
7907360031

കീഴാറ്റൂർ തോട്ടിൽ നിറയെ മാലിന്യങ്ങൾ; വയൽക്കിളികൾ പ്രക്ഷോഭത്തിലേക്ക്

തളിപ്പറമ്പ: കീഴാറ്റൂർ തോട്ടിൽ വൻതോതിൽ മാലിന്യങ്ങൾ കുമിഞ്ഞുകൂടി. മാലിന്യങ്ങൾ ഉടനടി നീക്കം ചെയ്തില്ലെങ്കിൽ പ്രക്ഷോഭം ആരംഭിക്കാൻ വയൽക്കിളി സമര സമിതിയോഗം തീരുമാനിച്ചു.

നെൽവയൽ സംരക്ഷണ സമരത്തിലൂടെ കേരളത്തിന്റെ ശ്രദ്ധയാകർഷിച്ച പ്രദേശമാണ് കീഴാറ്റൂർ. ഈ വയലിലൂടെ കടുത്ത വേനലിലും വറ്റാത്ത ജലപ്രവാഹമുണ്ട്. എന്നാൽ കുറേക്കാലമായി തെളിനീർ ഒഴുകിയ തോട്ടിൽ മാലിന്യങ്ങൾ നിറയുകയാണ്. തളിപ്പറമ്പ് നഗരത്തിലെ മാലിന്യങ്ങളാണ് കീഴാറ്റൂർ തോട്ടിൽ ഒഴുകിയെത്തുന്നത്. ഇതിനെതിരെ കീഴാറ്റൂർ നിവാസികൾ നടത്തിയ സമരത്തെ തുടർന്ന് പാളയാട് തോട്ടിൽ നഗരസഭ ട്രീറ്റ്മെന്റ് പ്ലാന്റ് പണിതെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടില്ല. ഇപ്പോഴും വൻതോതിൽ മാലിന്യങ്ങൾ ഒഴുകിയെത്തുകയാണ്. മൂന്ന് ദിവസം മുമ്പ് പെയ്ത മഴയിൽ കക്കൂസ് മാലിന്യം ഉൾപ്പെടെ തോട്ടിൽ ഒഴുകിയെത്തുകയുണ്ടായി. ഇത് തളിപ്പറമ്പ് ടൗണിലെ ലോഡ്ജുകളിലെയും ഹോട്ടലുകളിലെയും മാലിന്യമാണെന്ന് സംശയിക്കുന്നു. ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ഓവുചാലുകളിലേക്ക് കക്കൂസ് മാലിന്യം തള്ളുകയും മഴ പെയ്യുന്നതോടെ അവ കീഴാറ്റൂർ തോട്ടിൽ ഒഴുകിയെത്തുകയുമാണ്. പൊതുവിൽ പകർച്ചവ്യാധികളൊന്നും കടന്നാക്രമിക്കാത്ത ഗ്രാമം ഇതുകാരണം രോഗഭീഷണിയിലാണ്. അടിയന്തരമായി പ്രശ്നപരിഹാരമുണ്ടായില്ലെങ്കിൽ തോട്ടിലെ മാലിന്യങ്ങൾ കോരി നഗരസഭ കാര്യാലയത്തിൽ കൊണ്ടിടാനാണ് വയൽക്കിളികൾ തീരുമാനിച്ചിട്ടുള്ളത്.

ബ്രൂവറി, ഡിസ്റ്റിലറി; ക്രൈസ്തവ സഭയുടെ മൗനം വിവാദമായി

കണ്ണൂർ: സംസ്ഥാനത്ത് ബ്രൂവറി (ബിയർ നിർമ്മാണ ശാല) ഡിസ്റ്റിലറികൾക്കും അനുമതി നൽകിയത് വിവാദമായിട്ടും അതിനെതിരെ ക്രൈസ്തവസഭ രംഗത്തുവരാത്തത് വിവാദമായി. സംസ്ഥാനത്ത് മദ്യനയവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മാറ്റങ്ങളോട് ആദ്യം പ്രതികരിക്കുകയും പ്രക്ഷോഭത്തിന് ഇറങ്ങുകയും ചെയ്യാറുള്ളത് ക്രൈസ്തവസഭയും അതുമായി ബന്ധപ്പെട്ട സംഘടനകളുമാണ്. പുതുതായി ബാറുകൾക്ക് ലൈസൻസ് നൽകിയതിനെതിരെ പ്രക്ഷോഭവുമായി രംഗത്തുവന്നത് കെ.സി.ബി.സിയും മറ്റുമായിരുന്നു. എന്നാൽ അതിനെക്കാൾ വലിയ വിപത്തായി കരുതപ്പെടുന്ന ബ്രൂവറി, ഡിസ്റ്റിലറി പ്രശ്നത്തിൽ സഭ സമരരംഗത്ത് ഇറങ്ങിയില്ലായെന്ന് മാത്രമല്ല മൗനം പാലിക്കുകയാണ് ചെയ്യുന്നത്.

ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിന് എതിരായ പീഡനക്കേസ് നിലനിൽക്കുന്നതിനാൽ സംസ്ഥാന സർക്കാരിനെതിരായ പ്രക്ഷോഭങ്ങൾ നടത്തേണ്ടതില്ലായെന്നാണത്രെ തീരുമാനം. ഫ്രാങ്കോ കേസിൽ സംസ്ഥാന സർക്കാരിൽ നിന്ന് അനുകൂലമായ ഇടപെടൽ നടത്തിക്കുകയെന്ന ലക്ഷ്യം കൂടി മൗനത്തിന് പിറകിലുണ്ടെന്ന വിമർശനം ഉയർന്നിട്ടുണ്ട്.

നൊന്ത്പെറ്റ അമ്മക്ക് കുഞ്ഞിനെ വേണ്ട; ചൈൽഡ്ലൈൻ ഏറ്റെടുത്തു

പയ്യന്നൂർ: പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ പ്രസവിച്ച യുവതിക്ക് കുഞ്ഞിനെ വേണ്ട. വിവരമറിഞ്ഞെത്തിയ ചൈൽഡ്ലൈൻ അധികൃതർ കുഞ്ഞിനെ ഏറ്റെടുത്തു. തൃക്കരിപ്പൂർ കടപ്പുറത്തെ മുപ്പതുകാരിയായ യുവതിയാണ് ഇന്നലെ രാവിലെ ഒരു പെൺകുഞ്ഞിന് ജന്മം നൽകിയത്. എന്നാൽ പ്രസവിച്ചയുടൻ കുഞ്ഞിനെ വേണ്ടെന്ന് യുവതി ആശുപത്രി അധികൃതരെ അറിയിക്കുകയായിരുന്നു. ആശുപത്രി അധികൃതർ വിവരമറിയിച്ചതിനെ തുടർന്നെത്തിയ ചൈൽഡ് ലൈൻ അധികൃതർ കുഞ്ഞിനെ ഏറ്റെടുക്കുകയായിരുന്നു. രണ്ട് മാസം കുഞ്ഞ് ഇവരുടെ സംരക്ഷണയിൽ കഴിയും. യുവതി ഭർത്താവുമായി അകന്ന് കഴിയുകയാണ്. കുഞ്ഞിന്റെ പിതാവാരാണെന്ന് വെളിപ്പെടുത്താൻ യുവതി തയ്യാറായിട്ടില്ല.

മോദിയെ പുറത്താക്കൂ–രാജ്യത്തെ രക്ഷിക്കൂ.
ദേശീയ
ഉദ്ഘാടനം–ആലക്കോട്
NAFI

സി.പി.ഐ ഇരിക്കൂർ മണ്ഡലം കാൽനടജാഥ ആലക്കോട് സി.എൻ.ചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

വിവിധ പാർട്ടികളിലെ 30 പേർ സി.പി.ഐയിൽ ചേർന്നു

കള്ളന് കഞ്ഞിവെച്ച മോദിയെ ചവിട്ടി പുറത്താക്കേണ്ട സമയം അതിക്രമിച്ചു: സി.എൻ.ചന്ദ്രൻ

ആലക്കോട്: നരേന്ദ്രമോദിയെന്ന അപകടത്തെ ഇന്ത്യയിൽ നിന്ന് പുറത്താക്കാൻ എല്ലാ ജനാധിപത്യ-മതേതര പ്രസ്ഥാനങ്ങളും ഒരുമിച്ച് നിൽക്കണമെന്ന് സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം സി.എൻ.ചന്ദ്രൻ പ്രസ്താവിച്ചു. സി.പി.ഐ ഇരിക്കൂർ മണ്ഡലം കമ്മിറ്റി കാൽനടജാഥയും വിവിധ പാർട്ടികളിൽ നിന്ന് രാജിവെച്ച് സി.പി.ഐയിൽ ചേർന്നവർക്കുള്ള സ്വീകരണ സമ്മേളനവും ആലക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളെ ഇത്രയധികം ദ്രോഹിച്ചുകൊണ്ടിരിക്കുന്ന ഒരു ഭരണാധികാരി വേറെയില്ല. കള്ളന് കഞ്ഞി വെച്ച മോദിയെ ചവിട്ടി പുറത്താക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണെന്ന് അദേഹം പറഞ്ഞു. വി.ജി.സോമൻ അധ്യക്ഷത വഹിച്ചു. സി.എം.പി നേതാവ് കെ.എൻ.ചന്ദ്രൻ, സി.പി.എം, കോൺഗ്രസ് ഉൾപ്പെടെ മറ്റ് പാർട്ടികളിൽ നിന്ന് രാജിവെച്ച് സി.പി.ഐയിൽ ചേർന്ന 29 പേർ എന്നിവരെ ജില്ലാ സെക്രട്ടറി അഡ്വ.പി.സന്തോഷ്കുമാർ പാർട്ടിയിലേക്ക് സ്വീകരിച്ചു. ജാഥാ ലീഡർ കെ.ടി.ജോസ്, സി.പി.സന്തോഷ്കുമാർ, സി.പി.ഷൈജൻ, ടി.കെ.വത്സൻ, കെ.എൻ.ചന്ദ്രൻ പ്രസംഗിച്ചു. സി.പി.സോമശേഖരൻ സ്വാഗതം പറഞ്ഞു. മോദിയെ പുറത്താക്കൂ, ഇന്ത്യയെ രക്ഷിക്കൂ എന്ന മുദ്രാവാക്യമുയർത്തിയുള്ള ജാഥ ഏഴുവരെ മലയോരത്ത് പര്യടനം നടത്തും.

ശല്യം ചെയ്ത യുവാവിനെ പെൺകുട്ടിയുടെ ആങ്ങളമാർ കൈകാര്യം ചെയ്തു

തളിപ്പറമ്പ: മുന്നറിയിപ്പ് അവഗണിച്ചിട്ടും പെൺകുട്ടിയെ നിരന്തരമായി ശല്യം ചെയ്ത യുവാവ് പെൺകുട്ടിയുടെ ബന്ധുക്കളുടെ കൈച്ചൂടറിഞ്ഞു. ഇന്നലെ വൈകുന്നേരം 5.30 ഓടെ തളിപ്പറമ്പ് ബസ്സ്റ്റാന്റിലായിരുന്നു സംഭവം.

പെൺകുട്ടിക്ക് നേരത്തെ യുവാവുമായി അടുപ്പമുണ്ടായിരുന്നു. എന്നാൽ ഇയാളുടെ സ്വഭാവം മോശമാണെന്നറിഞ്ഞതോടെ പെൺകുട്ടി പ്രണയബന്ധത്തിൽ നിന്ന് പിൻമാറുകയും ഇനി തന്നെ ശല്യം ചെയ്യരുതെന്ന് പറയുകയും ചെയ്തിരുന്നു. എന്നാൽ ഇത് വകവെക്കാതെ ശല്യം തുടർന്നപ്പോൾ പെൺകുട്ടിയുടെ സഹോദരങ്ങളും സുഹൃത്തുക്കളും യുവാവിനെ വിളിച്ച് താക്കീത് ചെയ്യുകയും യുവാവിന്റെ വീട്ടിൽ വിവരം പറയുകയും ചെയ്തിരുന്നു. ഇതോടെ യുവാവിന്റെ ഒരു സുഹൃത്ത് പെൺകുട്ടിയുടെ ആങ്ങളമാരെയും സുഹൃത്തുക്കളെയും ഫോണിൽ വിളിച്ച് നിരന്തരം തെറിപറയാൻ തുടങ്ങി. ഇന്നലെ വൈകുന്നേരം ബസ്സ്റ്റാന്റിൽ നിൽക്കുകയായിരുന്ന പെൺകുട്ടിയുടെ സമീപം യുവാവ് എത്തി വീണ്ടും ശല്യം ചെയ്യാൻ തുടങ്ങി. പെൺകുട്ടി ആങ്ങളമാരെ ഫോൺ ചെയ്ത് വിവരമറിയിച്ചു. അവരും ബന്ധുക്കളുമെത്തി യുവാവിനെ കൈകാര്യം ചെയ്യുകയായിരുന്നു. വിവരമറിഞ്ഞെത്തിയ എസ്.ഐ കെ.ദിനേശന്റെ നേതൃത്വത്തിലുള്ള പോലീസ് എല്ലാവരെയും സ്റ്റേഷനിലേക്ക് കൊണ്ടുപോയി. തുടർന്ന് യുവാവിനെ താക്കീത് ചെയ്ത് വിടുകയായിരുന്നു.

സ്ഥലം വിൽപ്പനക്ക്
പറശിനിക്കടവ് വിസ്മയപാർക്കിന്
സമീപം ഒന്നേകാൽ ഏക്രയോളം സ്ഥലം
വിൽപ്പനക്ക്. ബന്ധപ്പെടുക.
Mob: 9847340860

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന് : 2,890
പവന് : 23120
വനിതാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്,
ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

തളിപ്പറമ്പ പ്രവാസി സംഘത്തിന്റെ തട്ടിപ്പിനിരയായവർ നടത്തിയ ആലോചനായോഗം

തളിപ്പറമ്പ പ്രവാസി സംഘം തട്ടിപ്പ്; വഞ്ചിക്കപ്പെട്ടവർ പ്രക്ഷോഭത്തിലേക്ക്

തളിപ്പറമ്പ: കോടതി റോഡിലെ സ്റ്റാർ കോംപ്ലക്സിൽ പ്രവർത്തിക്കുന്ന പ്രവാസി സംഘം ഓഫീസിൽ ക്ഷേമനിധി അടച്ച് വഞ്ചിക്കപ്പെട്ടവർ പ്രക്ഷോഭത്തിലേക്ക്. തളിപ്പറമ്പ താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 300 ലധികം പേരാണ് തട്ടിപ്പിനിരയായത്. രണ്ട് കോടിയോളം രൂപയാണ് പ്രവാസികളിൽ നിന്ന് തട്ടിപ്പ് നടത്തിയത്. തട്ടിപ്പ് കഴിഞ്ഞ മാസം 'മക്തബ്' പുറത്തുകൊണ്ടുവന്നതോടെയാണ് പ്രവാസികൾ വിവരമറിയുന്നത്. സംഭവത്തിൽ തളിപ്പറമ്പ പോലീസ് കേസെടുക്കുകയും ചെയ്തിരുന്നു. പ്രവാസി സംഘം ഏരിയാ സെക്രട്ടറി കൃഷ്ണനും ജീവനക്കാരി കവിത രാജീവനുമെതിരെയാണ് കേസെടുത്തത്. ഇവർ ഒളിവിലാണ്. ഓഫീസ് പൂട്ടിക്കിടക്കുകയാണ്. 3000രൂപ മുതൽ അരലക്ഷം രൂപ വരെ നഷ്ടപ്പെട്ടവർ ഇക്കൂട്ടത്തിലുണ്ട്. കേസ് ഇഴഞ്ഞുനീങ്ങുകയും പ്രതികളെ കണ്ടെത്താൻ കഴിയാതെയും വന്ന സാഹചര്യത്തിൽ തട്ടിപ്പിനിരയായവർ പോലീസ് സ്റ്റേഷന് സമീപത്തെ ഹാളിൽ ഒത്തുചേർന്ന് കേസിന്റെ നടത്തിപ്പിനും തുടർ കാര്യങ്ങൾ ചർച്ച ചെയ്യാനും ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു.

യോഗത്തിൽ പി.പി. സത്യൻ അധ്യക്ഷത വഹിച്ചു. റജി വിനോദ്, രജീഷ്, സാജിദ, ചന്ദ്രൻ സംസാരിച്ചു. സി. ദേവദാസൻ സ്വാഗതം പറഞ്ഞു. പി.പി. സത്യൻ ജനറൽ കൺവീനറായി ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു. യോഗത്തിന് ശേഷം തളിപ്പറമ്പ് ടൗണിൽ പ്രതിഷേധ പ്രകടനം നടത്തും.

വീട്ടിൽ അതിക്രമിച്ച് കയറി ഭീഷണിയെന്ന് പരാതി

ആലക്കോട്: ഓട്ടോറിക്ഷയിലെത്തിയ സംഘം വീട്ടിൽ അതിക്രമിച്ച് കയറി ഭീഷണിപ്പെടുത്തിയതായി ഗൃഹനാഥൻ പോലീസിൽ പരാതി നൽകി. പാത്തൻപാറയിലെ പാലത്തിനാൽ മാനുവലാണ് (65) തളിപ്പറമ്പ് ഡി.വൈ.എസ്.പിക്ക് പരാതി നൽകിയത്. മാനുവലിന്റെ മകൾ സിജോയെ കാസർക്കോട് മാലോം വള്ളിക്കടവിലെ അമ്പാട്ട് തോമസ് 1995-ൽ വിവാഹം കഴിച്ചിരുന്നു. മൂന്ന് മക്കളുണ്ട് ഇവർക്ക്. സ്ഥിരമായി മദ്യപിച്ച് തോമസ് ബഹളമുണ്ടാക്കുന്നതിനെ തുടർന്ന് രണ്ട് വർഷമായി സിജോയും മക്കളും പാത്തൻപാറയിലെ വീട്ടിൽ മാനുവലിനൊപ്പമാണ് താമസം. കഴിഞ്ഞ ദിവസം ഉച്ചക്ക് കാസർക്കോട് നിന്ന് എത്തിയ നാലംഗ സംഘം വീട്ടിൽ കയറി മകളെ അന്വേഷിക്കുകയും ഇവിടെയില്ല എന്ന് പറഞ്ഞപ്പോൾ തന്നെയും ഭാര്യ ഏലിക്കുട്ടി, മകന്റെ ഭാര്യ ഷീന എന്നിവരെയും ഭീഷണിപ്പെടുത്തിയെന്നാണ് മാനുവലിന്റെ പരാതി. സിജോയുടെ ഭർത്താവ് തോമസ് എടുത്ത ബാങ്ക് വായ്പ തിരിച്ച് അടച്ചില്ല എന്ന് പറഞ്ഞാണത്രെ ജാമ്യക്കാർ എന്ന് പറഞ്ഞ് എത്തിയവർ ഭീഷണിപ്പെടുത്തിയതെന്നും തിരിച്ച് പോയതിന് ശേഷം പോലീസിൽ കള്ളപ്പരാതി നൽകി തങ്ങളെ ആദിവാസി പീഡനക്കേസുകളിൽ കുടുക്കുന്നതായും മാനുവൽ പരാതിയിൽ പറയുന്നു. കാസർക്കോട് സ്വദേശികളായ വിനയൻ, പ്രസാദ് എന്നിവരുടെ നേതൃത്വത്തിലെത്തിയാണത്രെ ഭീഷണിപ്പെടുത്തിയത്.

നാളെ വൈദ്യുതി മുടങ്ങും

തളിപ്പറമ്പ: ലൈനിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ തളിപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന കരിക്കാൽചിറ, മുറിയാത്തോട്, കാവുങ്കൽ, മുതലപ്പാറ, കുഞ്ഞിമതിലകം, പട്ടുവം കടവ്, പടിഞ്ഞാറെച്ചാൽ, ഇടമുട്ട്, കുന്നരു എന്നിവിടങ്ങളിൽ നാളെ രാവിലെ 9 മുതൽ വൈകുന്നേരം 5.30 വരെ വൈദ്യുതി മുടങ്ങും.

ചരമം

നാരായണൻ നായർ

പടപ്പേങ്ങാട്: ചിമ്മിനിച്ചൂട്ടയിലെ താറ്റ്യോടൻ നാരായണൻ നായർ (93) നിര്യാതനായി. ഭാര്യ: കാർത്തിയാനി. മക്കൾ: രാഘവൻ, തങ്കമണി, നാരായണൻ, ജനാർദനൻ, പത്മനാഭൻ, പ്രേമലത. മരുമക്കൾ: പത്മിനി, ഗംഗാധരൻ, ഗീത, രജിത, ബീന, പരേതനായ മോഹനൻ.

ബാലകൃഷ്ണൻ നമ്പ്യാർ

കടമ്പേരി: അയ്യങ്കോലിലെ ഇടവൻ ഇടത്തിലെ വീട്ടിൽ ബാലകൃഷ്ണൻ നമ്പ്യാർ (78) നിര്യാതനായി. ഭാര്യ: പരേതയായ കല്യാണി. മക്കൾ: ലളിത (അധ്യാപിക, കുറ്റ്യേരി എച്ച്.എസ്), പുഷ്പവല്ലി (അംഗവാടി ടീച്ചർ, തലശേരി), ലതിക (അംഗൻവാടി ടീച്ചർ, പറശിനി), രാജേഷ് (അധ്യാപകൻ, കടമ്പേരി ഗവ. യു.പി സ്കൂൾ).

മലബാർ ദേവസ്വം ബോർഡ് ഏറ്റെടുത്ത ബജ്പേയിപുരം മഹാവിഷ്ണുക്ഷേത്രം കാടുമൂടിയ നിലയിൽ

ഏറ്റെടുത്ത ക്ഷേത്രം തിരിഞ്ഞു നോക്കാതെ ദേവസ്വം ബോർഡ്

തളിപ്പറമ്പ: നല്ല നിലയിൽ നാട്ടുകാരുടെ കമ്മിറ്റി നടത്തുന്ന മുളങ്ങേശ്വരം ശിവക്ഷേത്രം പിടിച്ചെടുക്കാൻ അത്യുൽസാഹം കാണിക്കുന്ന മലബാർ ദേവസ്വം ബോർഡ് ഏറ്റെടുത്ത ക്ഷേത്രം തിരിഞ്ഞു നോക്കാതെ കാടുപിടിച്ച് കിടക്കുന്ന അവസ്ഥയിൽ. തൃച്ചംബരം സ്കൂളിന് സമീപത്തെ ബജ്പേയിപുരം മഹാവിഷ്ണു ക്ഷേത്രമാണ് അവഗണന പേറി തകർച്ചയിലായത്. വർഷങ്ങൾക്ക് മുമ്പ് മലബാർ ദേവസ്വം ബോർഡ് ക്ഷേത്രം ഏറ്റെടുത്തുവെങ്കിലും ഇങ്ങോട്ട് തിരിഞ്ഞു നോക്കാറില്ല. ദൈനംദിന പൂജകളോ പരിപാലനമോ ഇല്ലാതെ കാടുപിടിച്ചു കിടക്കുന്ന ക്ഷേത്രത്തിൽ ഭക്തജനങ്ങൾക്ക് കയറി ചെല്ലാൻ പോലും ഭയമാണ്.

വൈദികൻ ഉൾപ്പെട്ട കഞ്ചാവ് കേസ്; കഞ്ചാവ് എത്തിച്ചത് തേനിയിൽ നിന്ന്

ശ്രീകണ്ഠപുരം: ലൈംഗിക പീഡനക്കേസ് ഒതുക്കിത്തീർക്കാൻ വിസമ്മതിച്ച ഗൃഹനാഥനെ കഞ്ചാവ് കേസിൽ കുടുക്കിയ സംഭവത്തിൽ കഞ്ചാവ് എത്തിച്ചത് തേനിയിൽ നിന്നാണെന്ന് തെളിഞ്ഞു. കേസിൽ ഉളിക്കൽ വയത്തൂർ കാലാങ്കിയിലെ വൈദികൻ ജയിംസ് വർഗീസ് തെക്കേമുറിയിൽ (43), സഹോദരൻ പോസ്റ്റോഫീസ് ജീവനക്കാരൻ തെക്കേമുറിയിൽ സണ്ണി വർഗീസ് (49) നുച്ചിയാട് അലവിക്കുന്നിലെ മെഡിക്കൽ സ്റ്റോർ ജീവനക്കാരൻ പി.എൻ. റോയി (38) എന്നിവരെ നേരത്തെ ശ്രീകണ്ഠപുരം സർക്കിൾ ഇൻസ്പെക്ടർ അറസ്റ്റ് ചെയ്തിരുന്നു. തുടരന്വേഷണത്തിലാണ് സണ്ണി മലയാറ്റൂർ ദർശനത്തിന് പോയപ്പോൾ തേനിയിലേക്ക് ചെന്ന് കിലോ കണക്കിന് കഞ്ചാവ് നാട്ടിലേക്ക് കൊണ്ടുവന്നതാണെന്ന് കണ്ടെത്തിയത്. ഇത് കൂടി ഉൾപ്പെടുത്തിയായിരിക്കും കേസിൽ കുറ്റപത്രം നൽകുക. ഇരിട്ടിയിലെ സെമിനാരിയിൽ റെക്ടറായിരുന്ന ജയിംസ് വർഗീസിന്റെ ലൈംഗിക പീഡനക്കേസ് ഒതുക്കിത്തീർക്കാത്തതുമായി ബന്ധപ്പെട്ട വിരോധത്തിന് 2017 മെയ് 29ന് ചന്ദനക്കാംപാറ ചാപ്പക്കടവിലെ തോട്ടത്തിൽ ജോസഫിന്റെ വീട്ടുമുറ്റത്ത് നിർത്തിയിട്ട സ്കൂട്ടറിൽ കഞ്ചാവ് കൊണ്ടുവെച്ച് പിടിപ്പിച്ചുവെന്നാണ് കേസ്.

മുക്കുപണ്ട തട്ടിപ്പ്: ബാങ്ക് മാനേജർക്കെതിരെ പരാതിയുമായി കർഷകനും

ആലക്കോട്: കരുവഞ്ചാൽ ഗ്രാമീൺ ബാങ്കിൽ മുക്ക് പണ്ടം പണയപ്പെടുത്തി രണ്ട് ലക്ഷത്തോളം രൂപ തട്ടിയെടുത്ത സംഭവത്തിലെ മുഖ്യപ്രതിയായ അപ്രൈസർ കരുവഞ്ചാലിലെ തുരുത്തിക്കാട്ടിൽ ബിജു തലശേരി സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യ ഹർജി നൽകി. മുക്കുപണ്ട തട്ടിപ്പ് കേസിൽ ഒളിവിൽ കഴിയുന്നതിനിടെയാണ് ഇയാൾ അഭിഭാഷകൻ മുഖാന്തിരം മുൻകൂർ ജാമ്യം തേടി കോടതിയെ സമീപിച്ചത്. ജാമ്യ ഹർജി അടുത്ത ദിവസം കോടതി പരിഗണിക്കും. അതിനിടെ തന്നെ മുക്കുപണ്ട തട്ടിപ്പ് കേസിൽ കുടുക്കിയതായി ആരോപിച്ച് വായാട്ടുപറമ്പ് താവുകുന്നിലെ കർഷകനായ കുഴിവേലിൽ മാത്യു ഗ്രാമീണ ബാങ്ക് മാനേജർക്കെതിരെ ആലക്കോട് പോലീസിൽ പരാതി നൽകി. താൻ ബാങ്കിൽ പണയപ്പെടുത്തിയ യഥാർത്ഥ സ്വർണ്ണം മാനേജരും അപ്രൈസറും ഒത്തുചേർന്ന് മാറ്റി പകരം മുക്കുപണ്ടം വെച്ചതിന് ശേഷം തന്നെ ഭീഷണിപ്പെടുത്തി 58,556 രൂപ അടപ്പിക്കുകയും പിന്നീട് കേസിൽ കുടുക്കുകയും ചെയ്തുവെന്നാണ് മാത്യുവിന്റെ പരാതി.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 292 RNI Reg.No.KER MAL/2007/22043